റാവുബഹദൂർ ടി. കെ. നായർ:

(എ) പൊല്ലീസിന്റെ കൃത്യനിർവ്വഹണങ്ങളിൽ അവരെ സഹായിക്കുക.

(ബി) യോഗ്യത, ഇതിനുവേണ്ട സമയവും സൌകര്യവും, പ്രായപരിധിയും ശേഷിയും ഉണ്ടായിരിക്കുക എന്നതാണു". സ്ഥലം പോലീസു" ഇൻസ്പെക്ടരുടേയും മേലധികാരിമാരുടേയും ശിപാർശയനുസരിച്ചു പോലീസു കമ്മീഷണരാണു നോമിനേഷൻ നടത്തുന്നതു".

(സി) അല്ല.

(ഡി) മെമ്പർമാരുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ടു". പഴയ വില്ലേജു" വിജിലൻസു" കമ്മിറ്റിമെമ്പർ പോലീസിനു സഹായമല്ലാതായിതീർന്നതുകൊണ്ടാണു" നോമിനേഷൻ അസ്ഥിരപ്പെടുത്തിയതു". പെരുമ്പിള്ളി പത്രോസു" അബ്രഹാം ഇണു" പുതിയ മെമ്പർ. അദ്ദേഹത്തിന്റെ യോഗ്യത (ബി) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതാണു".

NON-ADMISSION TO HOTELS, ETC.—PARTICULARS OF

206. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) എല്ലാ ചായക്കടകളിലും കാപ്പിക്കടകളിലും ഹോട്ടലുകളിലും ബാർബർ ഷാപ്പുകളിലും ജാതിമതഭേദമെന്യെ എല്ലാവർക്കും പ്രവേശനമുണ്ടായിരിക്കണമെന്നുള്ള നിയമം ഉണ്ടായതിനുശേഷം എല്ലാവർക്കും പ്രവേശനം അനുവദിക്കാതിരുന്നിട്ടുള്ള ചായക്കടകൾ എത്ര, കാപ്പിക്കുടുകൾ എത്ര, ഹോട്ടലുകൾ എത്ര, ബാർബർ ഷാപ്പുകൾ എത്ര;

(ബി) അവ ഏതെല്ലാം സ്ഥലങ്ങളിലാണു";

(സി) പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ളതിനെക്കുറിച്ചു" ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണു" ആക്ഷേപങ്ങൾ കിട്ടീട്ടുള്ളതു"?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഒന്നുമില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇരിങ്ങാലക്കുട, മട്ടാഞ്ചേരി, കുട്ടനെല്ലൂർ, നന്തിപുലം, മനക്കൊടി, ആറാട്ടുപുഴ, വല്ലച്ചിറ, വടമ, തിരുമുക്കുളം, കണ്ണങ്കുളങ്ങര, കല്ലൂർ-വടക്കുംമുറി, കല്ലൂർ-തെക്കുംമുറി, ആലത്തൂർ എന്നീ സ്ഥലങ്ങളിൽനിന്നു" ആക്ഷേപങ്ങൾ കിട്ടീട്ടുണ്ടു". പക്ഷെ, അന്വേഷിച്ചതിൽ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്നാണു" അറിവു കിട്ടിയതു".

VIVEKODAYAM HIGH SCHOOL—BRANCH AT PUNKUNNAM

207. Mr. K. I. Velayudhan *(Ezhuvas-Talappalli)*:

(*a*) will Government be pleased to state whether a copy of the order according sanction to the management of Vivekodayam (Samajam) High School to open a branch at Punkunnam was duly communicated to the Inspectress of Schools:

(*b*) if the answer to the above question is in the negative, will Government be pleased to state why it was not so communicated?

Mr. K. Balakrishna Menon *(Minister for Food and Education)*:

(*a*) No.

(*b*) It is an omission.

മിസ്റ്റർ കെ. ഐ. വേലായുധൻ: സാധാരണയായിട്ടു" ഏതെങ്കിലും ഒരു branch തുടങ്ങുകയാണെങ്കിൽ Inspector-രേയോ, Inspectress of Schools-നേയോ അറിയിക്കേണ്ട ചുമതലയില്ലെ?

Mr. K. Balakrishna Menon. (*Minister for food and Education*) Yes.

REPORT IN THE "PRAJAMITRAM"—ENTRANCE PROHIBITED BY THE POLICE—PARTICULARS OF

208. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ —

പ്രധാനമന്ത്രിയെ കാണാൻ ചെന്ന "പ്രജാമിത്രത്തിന്റെ" പ്രതിനിധിയെ മന്ത്രിയുടെ പടിക്കൽ കാവൽ നിന്നിരുന്ന റിസർവ്വു പോലീസുകാരൻ തടഞ്ഞുനിറുത്തുകയും ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly